10. തേലമ്പറ്റ എസ്സി.കോളനി, വയനാട്

11. പാൽച്ചുരം എസ്സി.കോളനി, കണ്ണൂർ

12. ഗോളിയടുക്ക എസ്സി.കോളനി, കാസർഗോഡ്.

(ബി) കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നിവടങ്ങളിലെ പ്രവർത്തനം ഹോസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡും (FIT) പാലക്കാട് പുക്കാടംകുന്ന് എസ്.സി. കോളനിയുടേത് നിർമ്മിതി കേന്ദ്രവും മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ പ്രവർത്തനം SIDCO-യുമാണ് ഏറ്റെടുത്തിരിക്കുന്നത്.

മോഡൽ കോളനികൾ

261(962) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ ഏതു കോളനികളാണ് മോഡൽ കോളനികളായി ഉയർത്തിയതെന്ന് വ്യക്തമാക്കാമോ;

തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ നടക്കാവ് കോളനിയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളിലെ ക്രമക്കേട് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം 8 കോളനികളെയും ഗാന്ധിഗ്രാമം പദ്ധതി പ്രകാരം ഒരു കോളനിയെയുമാണ് മോഡൽ കോളനികളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ നടക്കാവ് കോളനിയിൽ നടപ്പിലാക്കിവരുന്ന വികസനപ്രവർത്തനങ്ങളിൽ അപാകതയുള്ളതായി കോളനി നിവാസികൾ അറിയിച്ചതിനെത്തുടർന്ന് 21-5-2015-ന് ബഹുമാനപ്പെട്ട എം.എൽ.എ.യുടെ നിർദ്ദേശപ്രകാരം കോളനിയിൽ യോഗം വിളിച്ചു ചേർത്ത് പുരോഗതിയും പ്രശ്നങ്ങളും ചർച്ച ചെയ്യുകയും ആയത് വിലയിരുത്തുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ, വാർഡ് മെമ്പർ, മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവരെ ചുമതലപ്പെടുത്തുകയും ചെയ്തു. പദ്ധതി നടപ്പിലാക്കുന്നതിലെ പോരായ്മകൾ പരിഹരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം മോണിറ്ററിംഗ് കമ്മിറ്റി വിളിച്ചുചേർക്കുന്നതിനായി തീയതി

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചയിച്ചുവെങ്കിലും നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (FIT)-ന്റെ പ്രതിനിധികൾ ഹാജരാകാത്തതിനാൽ യോഗം നടന്നില്ല. ഇവിടെ കമ്മ്യൂണിറ്റി ഹാളിന്റെ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്.

പദ്ധതി പ്രവർത്തനങ്ങളുടെ വിലയിരുത്തൽ

262(963) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വകുപ്പിൽ നടപ്പാക്കാൻ പ്ലാൻ/ നോൺ പ്ലാൻ ഇനത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾക്ക് നീക്കിവച്ചിട്ടുള്ള തുകയിൽ 2015 ജനുവരി 30 വരെ ചെലവഴിച്ച തുകയെത്രയെന്ന് പ്ലാൻ/നോൺ-പ്ലാൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പദ്ധതി പ്രവർത്തനങ്ങളുടെ വിലയിരുത്തൽ അനുസരിച്ച് ആകെ എത്ര ശതമാനം നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നടപ്പ് വർഷം നടപ്പാക്കാൻ തെരഞ്ഞെടുത്തിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി നീക്കിവച്ച തുകയും ചെലവും വിശദീകരിക്കാമോ?

ഉത്തരം

(എ &ബി) 2015-16 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വകുപ്പിന് പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു:

(തുക ലക്ഷത്തിൽ)

	വകയിരുത്തപ്പെട്ട തുക	ചെലവ്	ചെലവഴിച്ച തുകയുടെ ശതമാനം
പദ്ധതിയിനം (31-1-2016)	112092	63924.85	57.03
പദ്ധതിയേതരം (31-12-2015)	14587.97	9309.64	63.82

(സി) അനുബന്ധമായി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly